LIBRARY ARCHIVES Kerala Legislative Assembly

മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

206(5795) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര മണ്ഡലത്തിൽ ഗതാഗത വകുപ്പ് നിലവിൽ നടപ്പിലാക്കുന്നതിനായി ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ?

ഉത്തരം

മാവേലിക്കര യൂണിറ്റിൽ ഒരു ജൻറം ബസ് അനുവദിക്കുകയും 7.00 മണിക്ക് മാവേലിക്കര-കരുനാഗപ്പള്ളി-ചങ്ങനാശ്ശേരി എന്ന ഒരു പുതിയ സർവ്വീസ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തമ്പാനൂരിലെ കെ.എസ്.ആർ.ടി.സി. ടെർമിനൽ

207(5796) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം തമ്പാനൂരിലെ പുതിയ കെ.എസ്.ആർ.ടി.സി. ടെർമിനൽ എന്നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടതെന്നും പ്രസ്തുത ഉദ്ഘാടന ചടങ്ങിൽ എത്ര മന്ത്രിമാർ പങ്കെടുത്തുവെന്നും, ചടങ്ങിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്നും, അന്നു പ്രസ്തുത മന്ത്രിമാർ നടത്തിയ പ്രഖ്യാപനങ്ങൾ എന്തൊക്കെയാണെന്നും, അവയിൽ നാളിതുവരെ നടപ്പിലാക്കിയവ ഏതൊക്കെയാണെന്നും വിശദമാക്കുമോ ;

(ബി) ഈ പുതിയ ബസ് ടെർമിനൽ ഉദ്ഘാടനം ചെയ്യപ്പെടുന്നതിനു മുമ്പ് ഇവിടെ നിന്നും എത്ര സർവ്വീസുകൾ ; ഏതെല്ലാം റൂട്ടുകളിലേക്ക് ഓപ്പറേറ്റ് ചെയ്യപ്പെട്ടിരുന്നുവെന്നും, ഇപ്പോൾ പുതിയ ടെർമിനലിൽ നിന്നും, ഏതെല്ലാം റൂട്ടുകളിലേക്ക് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യപ്പെടുന്നുണ്ടെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം തമ്പാനൂരിലെ പുതിയ കെ.എസ്.ആർ.ടി.സി. ടെർമിനൽ 3-2-2014-നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. പ്രസ്തുത ചടങ്ങിൽ മുഖ്യമന്ത്രി ഉൾപ്പെടെ മൂന്ന് മന്ത്രിമാരാണ് പങ്കെടുത്തിരുന്നത്. ഉദ്ഘാടന ചടങ്ങിനുവേണ്ടി 34,55,451 രൂപ ചെലവഴിച്ചിരുന്നു. അതിൽ 15,52,900 രൂപ കെ.റ്റി.ഡി.എഫ്.സി.-യുടെ ഫണ്ടിൽ നിന്നും ബാക്കി 19,02,551 രൂപ സ്പോൺസർഷിപ്പിലൂടെ സമാഹരിച്ചതുമാണ്. ഉദ്ഘാടന വേളയിൽ പ്രഖ്യാപനങ്ങളൊന്നുംതന്നെ നടത്തിയിരുന്നില്ല.